**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2713

20.06.2013-ൽ മറുപടിക്ക്

## പോളിടെക്നിക്ക് പാഠ്യ പദ്ധതികളും കോഴ്സുകളും കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി

| **ചോദ്യം**<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | **മറുപടി**<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|
| എ) പോളിടെക്നിക്ക് പാഠ്യപദ്ധതികളും കോഴ്സുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | (എ) പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് കളമശ്ശേരിയിലുള്ള കരിക്കുലം ഡവലപ്മെന്റ് സെന്റർ സ്വീകരിച്ചു വരുന്ന നടപടികൾ താഴെ പറയും പ്രകാരമാണ്:<br><br>1. വിശദമായ ചോദ്യാവലി തയ്യാറാക്കി സാങ്കേതിക വിദഗ്ദ്ധർ, വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്കയച്ചു കൊടുത്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുന്നു.<br><br>2. മേൽ പറഞ്ഞ എല്ലാ വിഭാഗം ആളുകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു.<br><br>3. ഓരോ ജില്ലയിലേയും നോഡൽ പോളിടെക്നിക്കുകളിൽ അദ്ധ്യാപകരെ പങ്കെടുപ്പിച്ച് ചർച്ചകൾ സംഘടിപ്പിച്ച് കരട് രൂപരേഖ തയ്യാറാക്കുന്നു.<br><br>4. കൃത്യമായും മാർഗ്ഗരേഖകൾക്കനുസൃതമായി വ്യവസായ സ്ഥാപനങ്ങളിലെ പ്രതിനിധികളെയും ഉൾപ്പെടുത്തി കരി |

ക്കലം രൂപീകരണത്തിന്റെ മാർഗ്ഗരേഖയും വിശദാംശങ്ങളും രൂപപ്പെടുത്തുന്നു.

5. കേന്ദ്ര മാനവവിഭവശേഷി വകപ്പിന്റെ കീഴിലുള്ള NITTTR പ്രതിനിധികളെ ഉൾപ്പെടുത്തി നിർദ്ദിഷ്ട കരട് രൂപം അന്തിമ പരിശോധനയ്ക്ക് വിധേയമാക്കി കരിക്കലം സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നു.

ബി) പോളിടെക്നിക്കുകളിൽ വിദേശ തൊഴിൽ സാധ്യത കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണ് ;

(ബി) പോളിടെക്നിക്കുകളിൽ നിലവിലുള്ള 29 ഡിപ്ലോമ കോഴ്സുകൾക്കും വിദേശ തൊഴിൽ സാധ്യതയുള്ളതാണ്. നിർദ്ദിഷ്ട കോഴ്സുകളോടൊപ്പം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമായി ഫിനിഷിംഗ് സ്കൂളുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം തുടങ്ങിയ അധിക പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

സി) പോളിടെക്നിക്കുകളിൽ ഇതിനായി എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ?

(സി) പാഠ്യപദ്ധതിക്കനുസൃതമായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെ വർക്ക് ഷോപ്പുകളും ലാബോറട്ടറികളും ആധുനികവൽക്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ